നം.ITS/-ITAudit/2010/10/1225 (2)

IT @ school

STATE PROJECT OFFICE
**IT @ SCHOOL PROJECT**
*(IT project under directorate of public instruction)*
POOJAPURA P.O
THIRUVANANTHAPURAM-12
Ph: 0471-2529800 fax: 0471-2529810
E-mail: contact@itschool.gov.in

**തീയതി : 28.10.2010**

## സർക്കുലർ

**വിഷയം:-** **ഐ.ടി@സ്കൂൾ പ്രോജക്ട് - സംസ്ഥാനത്തെ ഹൈസ്കൂൾ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിലെ ഐടി ഓഡിറ്റിനുള്ള മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:- 14.10.2010-ലെ സ. ഉ. (സാധാ)നം.4401/2010/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്

സൂചന ഉത്തരവ് പ്രകാരം വിഷയത്തിൽ പരാമർശിച്ച ഐടി ഓഡിറ്റ് നടത്താൻ ഐടി@സ്കൂൾ പ്രോജക്ടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഐടി ഓഡിറ്റിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ:

1) അനുബന്ധം 1-ൽ നൽകിയിട്ടുള്ള ഫോർമാറ്റിലാണ് ഐടി ഓഡിറ്റിന്റെ ഫലമായി കണ്ടെത്തിയ വിവരങ്ങൾ ശേഖരിക്കേണ്ടത്. ഇത് ഓൺലൈനായി അപ്ഡേറ്റ് ചെയ്യണം. ഓഡിറ്റ് ടീമിനുള്ള മാർഗനിർദ്ദേശങ്ങൾക്കനുസൃതമായ വിവരങ്ങൾ പ്രത്യേകം രേഖപ്പെടുത്തണം.

2) ഐടി@സ്കൂളിന്റെ മാസ്റ്റർ ട്രെയിനർമാർ/തിരഞ്ഞെടുത്ത സ്കൂൾ ഐടി കോർഡിനേറ്റർമാർ എന്നിങ്ങനെ 2 പേരടങ്ങുന്ന ടീമാണ് ഐടി ഓഡിറ്റ് നടത്തേണ്ടത്.

3) വിദ്യാഭ്യാസ വകുപ്പിലെ റീജിയണൽ ജോയിന്റ് ഡയറക്ടർ/അസിസ്റ്റന്റ് ഡയറക്ടർ /വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ/വിദ്യാഭ്യാസ ജില്ലാ ഓഫീസർമാർ എന്നിവരുടെ സഹായത്തോടെ ഐടി@സ്കൂൾ ജില്ലാ കോർഡിനേറ്റർ ജില്ലയിലെ ഓഡിറ്റ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകണം.

4) ഒരു ടീം ഒരു ദിവസം ഒരു ഹൈസ്കൂൾ/ഹയർസെക്കന്ററി സ്കൂൾ എന്നിങ്ങനെ 2 സ്കൂളുകളിൽ ഓഡിറ്റ് നടത്തണം. ഇതിന് ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ ഒരു ദിവസം ഒന്ന് എന്ന രൂപത്തിലായാലും മതി. അക്കാര്യം ജില്ലാ കോർഡിനേറ്റർമാരുടെ മുൻകൂർ അനുമതിയോടെയാകണം.

5) ഓഡിറ്റ് വിവരം ചുരുങ്ങിയത് 3 ദിവസം മുമ്പെങ്കിലും സ്കൂളിലെ പ്രഥമാധ്യാപകൻ/ഐടി കോർഡിനേറ്റർ എന്നിവരെ അറിയിക്കണം.

6) ഒരാവശ്യത്തിന് (ഉദാ. ക്ലാസ്റൂം വൈദ്യുതീകരണം) ഒന്നിലധികം ഏജൻസികളിൽ നിന്ന് സ്കൂളുകൾ തുക കൈപ്പറ്റിയിട്ടു ണ്ടെങ്കിൽ അക്കാര്യം പ്രത്യേകം പരിശോധിക്കണം.

7) ഐടി ഫണ്ടിന്റെ വനിയോഗം, വിവിധ രജിസ്റ്ററുകളുടെ പരിപാലനം, പരിശീലന വിവരങ്ങൾ, ഐടി ഉപകരണങ്ങളുടെ ഉപയോഗവും പരിപാലനവും അടങ്ങിയ ഫോർമാറ്റിലെ മുഴുവൻ വിവരങ്ങളും ഓഡിറ്റിംഗിന് വിധേയമാക്കണം.

8) ഐടി ഓഡിറ്റ് ദിവസം മാസ്റ്റർട്രെയിനർമാർ ഹെഡ്മാസ്റ്റർ/ പ്രിൻസിപ്പൽമാരുടെ അധ്യക്ഷതയിൽ ചേരുന്ന സ്റ്റാഫ് യോഗത്തിൽ ഐടി ഓഡിറ്റിലെ കണ്ടെത്തലുകൾ ചർച്ച ചെയ്യുകയും ഐടി അധിഷ്ഠിത പഠനം സംബന്ധിച്ച വിലയിരുത്തലുകൾ നടത്തേണ്ട തുമാണ്.

9) ഐസിടി പഠനത്തിന് അതതു ഡയറക്ടറേറ്റുകൾ കണ്ടെത്തിയിട്ടുള്ള മാർഗനിർദ്ദേശങ്ങൾക്കനുസൃതമല്ലാത്ത വിവരങ്ങൾ ഉൾപ്പെടെ ഓഡിറ്റിൽ കണ്ടെത്തുന്ന വിവരങ്ങൾ ബന്ധപ്പെട്ട ഡയറക്ടർമാരെ അറിയിക്കുകയും അത് വിശദീകരണത്തിനായി അതതു സ്കൂളിലെ സ്ഥാപന മേധാവികൾക്ക് നൽകുകയും വേണം. വിശദീകരണം നൽകാനുണ്ടെങ്കിൽ സ്ഥാപനമേധാവികൾ അത് നാലുദിവസത്തിനകം നൽകണം.

10) ഓൺലൈനിൽ ശേഖരിക്കുന്ന വിവരങ്ങൾക്ക് പുറമെയുള്ള Discrepancy റിപ്പോർട്ടുകൾ ജില്ലാ കോർഡിനേറ്റർമാർ സ്കൂൾ തിരിച്ച് ഐടി@സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് അയയ്ക്കണം. ഈ വിവരം സംസ്ഥാനതലത്തിൽ ക്രോഡീകരിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ/ഹയർസെക്കന്ററിഡയറക്ടർ/വൊക്കേഷണൽ ഹയർസെക്കന്ററി ഡയറക്ടർ എന്നിവർക്ക് ഐടി@സ്കൂൾ പ്രോജക്ട് എക്സിക്യൂട്ടീവ് ഡയറക്ടർ തുടർനടപടികൾക്കായി അയച്ചു കൊടുക്കുന്നതാണ്.

11. 2010 നവംബർ 1 മുതൽ ഐടി ഓഡിറ്റിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

**എക്സിക്യൂട്ടീവ് ഡയറക്ടർ**

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
ഹയർസെക്കന്ററി ഡയറക്ടർ,
വൊക്കേഷണൽ ഹയർസെക്കന്ററി ഡയറക്ടർ,
സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, എസ്.എസ്.എ,
ഹയർസെക്കന്ററി റീജിയണൽജോയിന്റ് ഡയറക്ടർമാർ.

വൊക്കേഷണൽ ഹയർസെക്കന്ററി അസിസ്റ്റന്റ് ഡയറക്ടർമാർ,
വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ,
വിദ്യാഭ്യാസ ജില്ലാ ഓഫീസർമാർ.

ഐടി@സ്കൂളിന്റെ എല്ലാ ജില്ലാ കോർഡിനേറ്റർമാർക്കും
ഐസിടി@സ്കൂളിൽ ചേർന്നിട്ടുള്ള സ്കൂളുകളുടെ
സ്ഥാപന മധാവികൾക്കും.

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം- സംസ്ഥാനത്തെ ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഐ.ടി. ഓഡിറ്റ് നടത്താനായി ഐ. ടി. @ സ്കൂൾ പ്രോജക്ടിനെ ചുമതലപ്പെടുത്തിക്കൊണ്ട് - ഉത്തരവു പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്

സ.ഉ (സാധാ)നം. 4401/2010/പൊ.വി. തീയതി, തിരുവനന്തപുരം,14/10/2010.

പരാമർശം:-
1. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 22.07.2010-ലെ എൻ.ഇ.പി.(3)-66500/ 2008/ഡി.പി.ഐ. എന്ന നമ്പർ സർക്കുലർ.
2. ഹയർ സെക്കന്ററി ഡയറക്ടറുടെ 28.07.2010-ലെ ഐ.സി.റ്റി. സെൽ /01/2009/എച്ച്.എസ്.സി. എന്ന നമ്പർ സർക്കുലർ.
3. വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറുടെ 28.07.2010 -ലെ സി 5/ 23193 /08 എന്ന നമ്പർ സർക്കുലർ.
4. ഐ.ടി. @ സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 07.10.2010 ലെ ഐ.ടി.എസ്./2010/10/1225 (40) എന്ന നമ്പരിലെ കുറിപ്പ്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ ഹൈസ്കൂളുകൾ, ഹയർ സെക്കന്ററി സ്കൂളുകൾ, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ എന്നിവയിൽ ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ ടെക്നോളജി (ഐ.സി.ടി.) പദ്ധതി നടപ്പാക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ യഥാക്രമം പരാമർശം 1,2,3 പ്രകാരം ബന്ധപ്പെട്ട ഡയറക്ടർമാർ പുറപ്പെടുവിച്ചിരുന്നു. സ്കൂളുകളിൽ ഐ.സി.ടി. പഠനവും ഐ.ടി. ഉപകരണങ്ങളുടെ ഉപയോഗവും പരിപാലനവും വിശദമായ ഐ.ടി. ഓഡിറ്റിന് വിധേയമാക്കുമെന്നും മേൽ സൂചിപ്പിച്ച മാർഗനിർദ്ദേശങ്ങളിൽ പറഞ്ഞിരുന്നു. പ്രസ്തുത ഓഡിറ്റ് നടത്തുവാനുള്ള ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം 4 ലെ കത്തു പ്രകാരം ഐ.ടി. @ സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ ഐ.സി.ടി @ സ്കൂൾ സ്കീമിലുള്ള മുഴുവൻ സ്കൂളുകളിലും ഐ.ടി. ഓഡിറ്റ് നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ഐ.ടി. @ സ്കൂൾ പ്രോജക്ടിനെ ചുമതലപ്പെടുത്തുന്നു. കമ്പ്യൂട്ടർ ലാബും പരിപാലനവും, ഇന്റർനെറ്റ് ഉപയോഗം, ഐ.സി.ടി. ഫണ്ടിന്റെ വിനിയോഗം, ഐ.സി.ടി. അധിഷ്ഠിത ക്ലാസുകൾ, വിവിധ രജിസ്റ്ററുകളുടെ പരിപാലനം, ഐ.ടി. പരിശീലനം നേടിയ അധ്യാപകർ തുടങ്ങിയ മുഴുവൻ

........2

വിശദാംശങ്ങളും ഉൾപ്പെടുത്തി നടത്തുന്ന ഐ.ടി. ഓഡിറ്റ് 2010 നവംബർ 30-ന് മുമ്പ് ഐ.ടി. @ സ്കൂൾ പൂർത്തിയാക്കേണ്ടതാണ്. പ്രസ്തുത ഓഡിറ്റുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ അനുമതിയ്ക്കു വിധേയമായി ഐ.ടി. @ സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടർ പ്രത്യേകം പുറപ്പെടുവിക്കേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് അതത് ഡയറക്ടർമാർ പരിശോധിച്ചതിനുശേഷം വീഴ്ച വരുത്തിയിട്ടുള്ള സ്കൂളുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ കൈക്കൊള്ളേണ്ടതാണെന്നും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജെയിംസ് വർഗ്ഗീസ്
സെക്രട്ടറി.

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഹയർ സെക്കണ്ടറി ഡയറക്ടർ, തിരുവനന്തപുരം.
വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ ഐ.ടി. @ സ്കൂൾ പ്രോജക്ട്, തിരുവനന്തപുരം.
എല്ലാ ഹയർ സെക്കണ്ടറി റീജിയണൽ ഡയറക്ടർമാർക്കും (ഹയർ സെക്കന്ററി ഡയറക്ടർ മുഖാന്തിരം)
എല്ലാ വൊക്കേഷണൽ ഹയർ സെക്കണ്ടറി റീജിയണൽ ഡയറക്ടർമാർക്കും (വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടർ മുഖാന്തിരം)
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർ/ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം)
✓ഐ.സി.ടി. @ സ്കൂളിൽ ചേർന്നിട്ടുള്ള എല്ലാ സ്കൂളുകളുടെയും സ്ഥാപനമേധാവികൾക്ക് (ഐ.ടി. @ സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടർ മുഖാന്തിരം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ